DESPATCHED
On...29/06/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 2048(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 15182/SIC-G7/2019**

സന്നിഹിത
ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഡി. തമ്പി,
രേവതി,
കൈതക്കുഴി, ആദിച്ചനല്ലൂർ പി. ഒ,
കൊല്ലം – 691 573.

} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എൻ.എസ്സ്.എസ്സ് ലോ കോളേജ്
കൊട്ടിയം, കൊല്ലം – 691 571.

അപ്പീൽ അധികാരി,
എൻ.എസ്സ്.എസ്സ് ലോ കോളേജ്
കൊട്ടിയം, കൊല്ലം – 691 571.

} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 13.03.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | --- |
| ഒന്നാം അപ്പീൽ | 10.05.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാം അപ്പീൽ | 19.09.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 28.01.2020, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരനായ ശ്രീ. ഡി. തമ്പി സമർപ്പിച്ച രണ്ടാം അപ്പീലും മറ്റ് അനുബന്ധ രേഖകളും എതിർകക്ഷി നൽകിയ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. മേപ്പടി അപേക്ഷയുമായി ബന്ധപ്പെട്ട എൻ.എസ്.എസ് ലാ കോളേജ് സ്വാശ്രയ മേഖല യിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നും ടി സ്ഥാപനത്തിന് സർക്കാരിൽ നിന്നോ സർക്കാരുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികളിൽ നിന്നോ യാതൊരു സാമ്പത്തിക സഹായവും ലഭിക്കുന്നില്ല എന്നും ആയതു കൊണ്ട് തന്നെ പ്രസ്തുത സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നിരുന്നാലും ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 20.01.2020 ന് മറുപടി നൽകി എന്നും അറിയിക്കുന്നുണ്ട്.

2. മേൽ സാഹചര്യത്തിൽ കൊട്ടിയം എൻ.എസ്.എസ്. ലോ കോളേജ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത സാഹചര്യത്തിൽ ടി അപ്പീലിൻമേൽ യാതൊരു നിർദ്ദേശത്തിന്റെയും ആവശ്യമില്ല എന്ന് വിലയിരുത്തി പ്രസ്തുത അപ്പീൽ ഹർജി നിരസിച്ച് **ഇന്നേദിവസം 2020 ഫെബ്രുവരി മാസം 27 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി